വയനാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ

73 (1036) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വയനാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയായിരുന്നു ; ഈ സർക്കാരിന്റെ കാലത്ത് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്രപേർക്ക് തൊഴിൽ നൽകി ; താലൂക്ക് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ :

(ബി) നിലവിൽ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 80035 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തു. 2266 പേർക്ക് തൊഴിൽ നൽകി. താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 96622 ഉദ്യോഗാർത്ഥികൾ.

ദേവസ്വം ബോർഡുകളുടെകീഴിൽ വരാത്ത ക്ഷേത്ര ജീവനക്കാർക്ക് മിനിമം വേതനം

74 (1037) ശ്രീ. എൻ. രാജൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡുകളുടെകീഴിൽ വരാത്ത എല്ലാ ക്ഷേത്ര ജീവനക്കാർക്കും മിനിമം വേതനം നൽകാനുള്ള നടപടികളായിട്ടുണ്ടോ :

(ബി) ഇതു സംബന്ധിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഓരോ വിഭാഗം ജീവനക്കാർക്കും ശിപാർശ ചെയ്തിട്ടുള്ള മിനിമം വേതനം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ :

(സി) ഇത്തരത്തിൽ ജോലിയെടുക്കുന്ന എത്രപേർ സംസ്ഥാനത്തുണ്ട് ; ഇവർക്ക് മിനിമം വേതനം എന്നുമുതൽ നടപ്പാക്കാനാണുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ദേവസ്വം ബോർഡുകളുടെ കീഴിൽ വരാത്ത സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്. 31-1-2011-ൽ പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൽ ആക്ഷേപങ്ങളും. നിർദ്ദേശങ്ങളും സ്വീകരിച്ച് പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ച് രണ്ടു മാസം തികയുന്ന തീയതിയ്ക്ക് ശേഷം മിനിമം വേതന ഉപദേശക സമിതിയുടെ ശിപാർശയും കൂടി പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(സി) തൊഴിൽ വകുപ്പുദ്യോഗസ്ഥർ മുഖേന 2002-ൽ ശേഖരിച്ച വിവരമനുസരിച്ച് സംസ്ഥാനത്ത് ഇത്തരത്തിൽ 1129 ആൾക്കാർ ജോലിയെടുക്കുന്നതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ മിനിമം കൂലി സംബന്ധിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേൽ ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളും കൂടി പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

സർക്കാർ ഐ.ടി.ഐ.-കളുടെ വികസനം

75 (1038) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര ഐ.ടി.ഐ.കൾ സ്ഥാപിച്ചു ; ഈ ഐ.ടി.ഐ.-കളിൽ പുതുതായി എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട് ; പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ;

(ബി) ചാലക്കുടി സർക്കാർ ഐ.ടി.ഐ. യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഐ.ടി.ഐ.യ്ക്ക് ഇറിഗേഷൻ വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ള 59 സെന്റ് സ്ഥലം ഏത് രീതിയിലുള്ള വികസനത്തിനുവേണ്ടി ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 38 ഐ.ടി.ഐ.-കൾ പുതുതായി അനുവദിച്ചു. ഇതിൽ 36 എണ്ണം ഇതിനകം പ്രവർത്തനം ആരംഭിച്ചു. പുതുതായി അനുവദിച്ച ഐ.ടി.ഐ.-കളിൽ പ്രതിവർഷം 3550 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ കഴിഞ്ഞു. ടി ഐ.ടി.ഐ.-കളുമായി ബന്ധപ്പെട്ട് 635 തസ്തികൾ പുതുതായി സൃഷ്ടിച്ചു.

(ബി) നിലവിലുള്ള ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ ചാലക്കുടി ഐ.ടി.ഐ.-യേയും പരിഗണിക്കുന്നതാണ്.

(സി) ഇറിഗേഷൻ വകുപ്പിൽ നിന്നും സ്ഥലം കൈമാറി ലഭിച്ചിട്ടുണ്ട്. ഐടിഐ-ക്ക് ആവശ്യമായ വർക്ക്ഷോപ്പ്, ലൈബ്രറി, ആഡിറ്റോറിയം തുടങ്ങി ഐ.ടി.ഐ.-യുടെ വികസനത്തിനായുള്ള കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly